EXC/3124/2019-XD3

എക്സൈസ് കമ്മീഷണറേറ്റ്
തിരുവനന്തപുരം
തീയതി 31.08.2019.
ഫോൺ-0471-2322825
excomoffice@yahoo.com
ecoffice.exc@kerala.gov

# സർക്കുലർ

വിഷയം:-എക്സൈസ് ഭരണപരം-എക്സൈസ് ഉദ്യോഗസ്ഥരുടെ നിയമനം/സ്ഥലംമാറ്റം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ-സംബന്ധിച്ച്.

സൂചന:-സ.ഉ(പി) നം.3/2017/ഉഭപവ തീയതി 05.02.2017.

സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റത്തിനും നിയമനത്തിനുമായി സൂചന പ്രകാരം സർക്കാർ നിശ്ചയിച്ചിട്ടുള്ള പൊതുമാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളുടെയും 08.07.2015-ലെ എക്സ്.ഡി.5-17321/2015 നമ്പർ സർക്കുലർ പ്രകാരവും എക്സൈസ് ഡിവിഷൻ ഓഫീസുകൾ ഉൾപ്പെടെയുള്ള ജില്ലാതല ബോർഡ് യൂണിറ്റ്/ഫീൽഡ് യൂണിറ്റ്/ചെക്ക്പോസ്റ്റ് എന്നീ ഓഫീസുകളിൽ ജോലിചെയ്യുന്ന എക്സൈസ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടേയും വെളിച്ചത്തിൽ എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം സംബന്ധിച്ച് ചുവടെ ചേർത്തിരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു. എല്ലാ സബ് ഓഫീസുകളും ഈ സർക്കുലർ കർശനമായി പാലിക്കേണ്ടതാണ്.

(1) **ഫീൽഡ് ഡ്യൂട്ടി**

1. എക്സൈസ് റേഞ്ച് ഓഫീസ്
2. എക്സൈസ് സർക്കിൾ ഓഫീസ്
3. എക്സൈസ് എൻഫോഴ്സ്മെന്റ് ആന്റ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡ്
4. എക്സൈസ് ഇന്റലിജൻസ് ആന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ
5. ജനമൈത്രി എക്സൈസ് സ്പെഷ്യൽ സ്ക്വാഡ്
6. എക്സൈസ് ചെക്ക്പോസ്റ്റ്

നിലവിൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ, എക്സൈസ് ഇൻസ്പെക്ടർ, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ എന്നിവരുടെ സേവനകാലയളവ് ഫീൽഡ് ഓഫീസുകളിൽ സാധാരണഗതിയിൽ 18 മാസവും എക്സൈസ് ചെക്ക്പോസ്റ്റിൽ പരമാവധി 6 മാസവും ആയി നിജപ്പെടുത്തുന്നു.

സിവിൽ എക്സൈസ് ഓഫീസർ, എക്സൈസ് പ്രിവന്റീവ് ഓഫീസർ എന്നിവരുടെ സേവനകാലയളവ് എക്സൈസ് ചെക്ക്പോസ്റ്റിൽ 6 മാസവും ഫീൽഡ് ഓഫീസിലേത് സാധാരണഗതിയിൽ ഒരു വർഷവുമായിരിക്കും.

(2) **ബോർഡ് ഡ്യൂട്ടി**

1. എക്സൈസ് ഹെഡ്ക്വാർട്ടേഴ്സ്
2. അഡീഷണൽ എക്സൈസ് കമ്മീഷണറുടെ (എൻഫോഴ്സ്മെന്റ്) ആഫീസ്
3. എക്സൈസ് വിജിലൻസ് ഓഫീസ്
4. ജോയിന്റ് എക്സൈസ് കമ്മീഷണർമാരുടെ ഓഫീസ്
5. എക്സൈസ് ഡിവിഷൻ ഓഫീസ്.

സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിച്ചിട്ടുള്ളതുപോലെ എല്ലാ എക്സൈസ് ഓഫീസർമാരും 3 വർഷം ബോർഡ് ഡ്യൂട്ടി ചെയ്യേണ്ടതാണ്. മുകളിൽ കൊടുത്തിട്ടുള്ള ഓഫീസുകളിൽ (ആദ്യത്തെ 3 ഓഫീസുകൾ ഒഴികെ) മറ്റ് ഓഫീസുകളിൽ എക്സൈസ് ഇൻസ്പെക്ടർ, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ എന്നിവരുടെ സേവനകാലയളവ് 24 മാസം ആയി നിജപ്പെടുത്തിയാണ് സ്ഥലംമാറ്റത്തിനായി പരിഗണിക്കേണ്ടത്.

(3) **സ്പെഷ്യൽ യൂണിറ്റ് ഡ്യൂട്ടി**

1. കെ.എസ്.ബി.സി, എഫ്.എൽ.9 വെയർഹൗസ്
2. ഡിസ്റ്റിലറി
3. ബ്രൂവറി
4. ഫാർമസ്യൂട്ടിക്കൽസ്
5. കാന്റീൻ

മുകളിൽ കൊടുത്തിരിക്കുന്ന ഓഫീസുകളിൽ എക്സൈസ് ഇൻസ്പെക്ടർ, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ എന്നിവരുടെ സേവനകാലയളവ് സാധാരണഗതിയിൽ 24 മാസം ആയിരിക്കും. സിവിൽ എക്സൈസ് ഓഫീസർ, എക്സൈസ് പ്രിവന്റീവ് ഓഫീസർ എന്നിവരുടെ സേവനകാലയളവ് പ്രസ്തുത ഓഫീസുകളിൽ സാധാരണഗതിയിൽ 18 മാസമായിരിക്കും.

എക്സൈസ് കമ്മീഷണറേറ്റിൽ സർക്കിൾ ഇൻസ്പെക്ടർ, ഇൻസ്പെക്ടർ എന്നിവരുടെ സേവനകാലാവധി മൊത്തത്തിൽ 3 വർഷവും, എക്സൈസ് കമ്മീഷണറേറ്റിലെ എക്സ്.സി സെക്ഷനിലെ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, എക്സൈസ് ഇൻസ്പെക്ടർ തസ്തികകളിൽ ഒരു വർഷവും ആയിരിക്കും.

എക്സൈസ് കമ്മീഷണർക്കുവേണ്ടി

എസ്.ജെ/31.8.19